# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2369 | 18.06.2014 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏതെല്ലാം താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് ; | (എ) | താലൂക്ക് ആശുപത്രി, തൊടുപുഴ (ഇടുക്കി)<br>താലൂക്ക് ആശുപത്രി, നിലമ്പൂർ (മലപ്പുറം)<br>താലൂക്ക് ആശുപത്രി, ഒറ്റപ്പാലം (പാലക്കാട്)<br>താലൂക്ക് ആശുപത്രി, പൊന്നാനി (മലപ്പുറം)<br>താലൂക്ക് ആശുപത്രി, പുനലൂർ (കൊല്ലം)<br>എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ഓരോ ഡയാലിസിസിനും എത്ര തുക ഈടാക്കിവരുന്നു ; | (ബി) | എറണാകുളം കോഴിക്കോട്, ഇടുക്കി, കോട്ടയം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് സൗജന്യമായാണ് ചെയ്തുവരുന്നത്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരായ രോഗികളിൽ നിന്നും ചാർജൊന്നും ഈടാക്കുന്നില്ല. മറ്റു ജില്ലകളിൽ ബി.പി.എൽ റേഷൻ കാർഡുടമകൾക്ക് 300 മുതൽ 500 രൂപ വരെയും മറ്റുള്ളവർക്ക് 500 മുതൽ 600 വരെയും ഫീസ് ഈടാക്കി ഡയാലിസിസ് ചെയ്തുവരുന്നു. വയനാട്, മാനന്തവാടി ജില്ലാ ആശുപത്രിയിൽ ബി.പി.എൽ, ആദിവാസി വിഭാഗങ്ങൾക്കും സൗജന്യമായി ഡയാലിസിസ് ചെയ്യുന്നുണ്ട്. |
| (സി) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ; | (സി) | ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ 05/08/2013 ന് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ ഡയാലിസിസിനും എത്ര ചാർജ് ഈടാക്കുന്നു ; | (ഡി) | പൂർണ്ണമായും സൗജന്യമായാണ് ഡയാലിസിസ് ചെയ്തുവരുന്നത്. |
| (ഇ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം ഫണ്ട് ഉപയോഗിച്ചാണ് | (ഇ) | എം.പി. ഫണ്ട്, എൻ.ആർ.എച്ച്.എം ഫണ്ട്, ആർ.എസ്.ബി.വൈ ഫണ്ട് എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് ഡയാലിസിസ് യൂണിറ്റ് |

| | | | |
|---|---|---|---|
| | ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചത് ; ആവർത്തന ചെലവുകൾക്കുള്ള ഫണ്ട് എങ്ങനെ കണ്ടെത്തുന്നു ; വിശദാംശം ലഭ്യമാക്കാമോ ? | | ആരംഭിച്ചത്. ആവർത്തന ചെലവുകൾക്കായി എച്ച്.എം.സി ഫണ്ട് ഉപയോഗിക്കുന്നു. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് 75,000/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ ജനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും ഇതിനായി ഉപയോഗിക്കുന്നു. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഫണ്ട് അനുവദിക്കാനായി അപേക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ